**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2250** **13-09-2023 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികൾ പ്രതികളായി രജിസ്റ്റർ ചെയ്ത കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്രിമിനൽ പശ്ചാത്തലമുള്ളവരും മാരകമായ ലഹരി ഉപയോഗിക്കുന്നവരുമായ അതിഥി തൊഴിലാളികളുടെ എണ്ണം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിഥി തൊഴിലാളികൾ പ്രതികളായി രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ക്രിമിനൽ പശ്ചാത്തലമുള്ളവരും മാരകമായ ലഹരി ഉപയോഗിക്കുന്നവരുമായ അതിഥി തൊഴിലാളികൾ പ്രതികളായ കേസുകളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>അതിഥി തൊഴിലാളികൾ പ്രതികളായി രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | അതിഥി തൊഴിലാളികൾക്ക് വേണ്ടി മാത്രം സംസ്ഥാനത്ത് നിയമനിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ; | (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമം 1979 ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്.<br><br>മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനും എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/2009 പ്രകാരം സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**വിവര ശേഖരണം**<br><br>ഇത്തരം തൊഴിലാളികളുടെ വിവര ശേഖരണം പോലീസ് സ്റ്റേഷനുകൾ വഴി നടത്തി വരുന്നു. സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിന് സോണൽ ഐ.ജിമാർ, റേഞ്ച് ഡി.ഐ.ജി-മാർ, |

| | | | |
|---|---|---|---|
| | | | ജില്ലാ പോലീസ് മേധാവിമാർ, എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് Law & Order നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരികയാണ്.<br><br>ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് അപരിചിതരായ ആൾക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും സംശയാസ്പദമായി കാണുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ Student Police Cadet, Special Protection Group എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും കുട്ടികൾക്ക് ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികളും അതോടൊപ്പം, റസിഡൻഷ്യൽ ഏര്യകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണവും നടത്തിവരുന്നു.<br><br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും അവയ്ക്കെതിരെ യഥാസമയം പ്രതികരിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സജ്ജമാക്കുക എന്നത് പ്രമേയമാക്കി ജനമൈത്രി പോലീസ് സംവിധാനം ഉപയോഗിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.<br><br>കുറ്റകൃത്യങ്ങൾ റിപ്പോർട്ടായാലുടൻ കേസ് രജിസ്റ്റർ ചെയ്ത് വളരെ വേഗം പ്രതിയെ കണ്ടെത്തുന്നതിനും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനുമുള്ള നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്.<br><br>ഇത്തരം കേസുകളിൽ ശാസ്ത്രീയ തെളിവുകളും മറ്റും അതിവേഗം ശേഖരിച്ച് പരമാവധി ശിക്ഷ ലഭിക്കത്തക്ക വിധം കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി നിലവിലെ നിയമപ്രകാരം 60 ദിവസത്തിനുള്ളിൽ പഴുതടച്ച് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (സി) | അതിഥി തൊഴിലാളികൾക്ക് പോലീസ് ക്ലീയറൻസ് ഉൾപ്പെടെയുള്ള രേഖകൾ, സംസ്ഥാനത്ത് ഒരാളുടെ സ്പോൺസർഷിപ്പ്, തൊഴിൽ കാർഡ് പോലുള്ള രേഖകൾ എന്നിവ ഏർപ്പെടുത്തി ജനങ്ങളുടെ | (സി) | ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമം 1979 ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act |

സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി നിയമങ്ങൾ നടപ്പിലാക്കുമോ; വിശദാംശം നൽകുമോ?

പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്.

മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനും എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/2009 പ്രകാരം സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിവര ശേഖരണം**

ഇത്തരം തൊഴിലാളികളുടെ വിവര ശേഖരണം പോലീസ് സ്റ്റേഷനുകൾ വഴി നടത്തി വരുന്നു. സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിന് സോണൽ ഐ.ജിമാർ, റേഞ്ച് ഡി.ഐ.ജി-മാർ, ജില്ലാ പോലീസ് മേധാവിമാർ, എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് Law & Order നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരികയാണ്.

ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് അപരിചിതരായ ആൾക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും സംശയാസ്പദമായി കാണുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ Student Police Cadet, Special Protection Group എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും കുട്ടികൾക്ക് ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികളും അതോടൊപ്പം, റസിഡൻഷ്യൽ ഏര്യകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണവും നടത്തിവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും അവയ്ക്കെതിരെ യഥാസമയം പ്രതികരിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സജ്ജമാക്കുക എന്നത് പ്രമേയമാക്കി ജനമൈത്രി പോലീസ് സംവിധാനം

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.<br><br>കുറ്റകൃത്യങ്ങൾ റിപ്പോർട്ടായാലുടൻ കേസ് രജിസ്റ്റർ ചെയ്ത് വളരെ വേഗം പ്രതിയെ കണ്ടെത്തുന്നതിനും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനുമുള്ള നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്.<br><br>ഇത്തരം കേസുകളിൽ ശാസ്ത്രീയ തെളിവുകളും മറ്റും അതിവേഗം ശേഖരിച്ച് പരമാവധി ശിക്ഷ ലഭിക്കത്തക്ക വിധം കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി നിലവിലെ നിയമപ്രകാരം 60 ദിവസത്തിനുള്ളിൽ പഴുതടച്ച് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| District | കേസുകളുടെ എണ്ണം (20/05/2021 മുതൽ 22/08/2023 വരെ) |
|---|---|
| Thiruvananthapuram City | 42 |
| Thiruvananthapuram Rural | 17 |
| Kollam City | 35 |
| Kollam Rural | 17 |
| Pathannamthitta | 40 |
| Alappuzha | 103 |
| Kottayam | 60 |
| Idukki | 59 |
| Eranakulam City | 417 |
| Eranakulam  Rural | 871 |
| Thrissur City | 201 |
| Thrissur Rural | 230 |
| Palakkad | 29 |
| Malappuram | 571 |
| Kozhikode City | 36 |
| Kozhikode Rural | 77 |
| Wayanad | 13 |
| Kannur City | 119 |
| Kannur Rural | 132 |
| Kasaragod | 57 |
| Railway | 49 |
| **Total** | **3175** |